File No.SJD/1636/2021-G4

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം. അഞ്ജന I.A.S )

ഉത്തരവ് നം. SJD/1636/2021-G4 (2)

തിരുവനന്തപുരം,
തീയതി. 13/09/2021

---

വിഷയം: സാമൂഹ്യനീതിവകുപ്പ്- മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം- 2007- ഫലപ്രദമായി നടപ്പിലാക്കുന്നത് - COVID-19 മുഖ്യമന്ത്രിയുടെ ദുരിദാശ്വാസനിധിയിലേയ്ക്ക് മാറ്റിവച്ച ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതനം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1. സ.ഉ (സാധാ) നം.96/2018/സാ.നീ.വ തീയതി .23/02/2018.
2. സ.ഉ.(സാധാ) നം.404/2018/സാ.നീ.വ. തീയതി 30.06.2018.
3. GO.(Rt) No.226/2020/SJD തീയതി. 15/06/2020.
4. GO (Rt) No.342/2021/SJD തീയതി . 24.05.21.
5. G.O (P) No.46/2020/FIN തിയതി. 23-04-20.
6. G.O (MS) No.43/2021/FIN തിയതി. 226.02.21.
7. G.O (MS) No.44/2021/FIN തിയതി. 08.03.21.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 നടപ്പാക്കുന്നതിന് സംസ്ഥാനത്തെ മെയിന്റനൻസ് ട്രൈബ്യൂണലുകളെ സഹായിക്കുന്നതിനായി പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള 27 റെവന്യൂ ഡിവിഷൻ കാര്യാലയങ്ങളിലും ടെക്നിക്കൽ അസ്സിസ്റ്റന്റുമാരെ നിയമിക്കുകയും അവർ പ്രവർത്തനം നടത്തുകയും ചെയ്തു വരുന്നുണ്ട്. ഇപ്രകാരം നിയമിതരായിട്ടുള്ള 27 ടെക്നിക്കൽ അസ്സിസ്റ്റന്റുമാർ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020-21 ൽ സേവനം ചെയ്യുകയും , പരാമർശം (4) പ്രകാരം 2021-22 വർഷത്തിൽ തുടരുന്നതിനും , ടി പദ്ധതി ഒരു തുടർ പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

കോവിഡ്-19 വ്യാപനം മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ദിവസ വേതന/ താൽകാലിക ജീവനക്കാരുടേതുൾപ്പെടെ 20,000 രൂപക്ക് മുകളിൽ വേതനം വാങ്ങുന്ന എല്ലാ ജീവനക്കാരുടെയും 6 ദിവസത്തെ വേതനം 2020 ഏപ്രിൽ മുതൽ 2020 ഓഗസ്റ്റ് വരെ മാസങ്ങളിലെത് വിതരണം ചെയ്യാതെ

താത് കാലികമായി മാറ്റിവയ്ക്കുവാൻ പരാമർശം (5) പ്രകാരം നിർദേശിച്ചിരുന്നു. ഇത്തരത്തിൽ മാറ്റിവച്ച ശമ്പളം 2021-22 സാമ്പത്തിക വർഷത്തെ ആദ്യ അഞ്ചുമാസങ്ങളിൽ തവണകളായി ജീവനക്കാർക്ക് മടക്കി നൽകുന്നതിന് പരാമർശം (6) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം നീക്കിവച്ച തുക മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് താത് പര്യമുള്ള ജീവനക്കാർക്ക് അതിനുള്ള സമ്മതപത്രം DDO മുൻപാകെ സമർപ്പിക്കുന്നതിനും , ആയത് ക്രമീകരിക്കുന്നതിനും പരാമർശം (7) ഉത്തരവിൽ നിർദേശം നൽകിയിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രതിമാസ വേതനത്തിൽ കിഴിവ് വരുത്തിയ സംസ്ഥാനത്തെ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പ്രസ്തുത തുക , അഞ്ച് ഘട്ടുക്കളായി അനുവദിക്കാൻ അർഹതയുണ്ട്. മേൽപ്രകാരം നീക്കിവച്ച തുക മുഖ്യമന്ത്രിയുടെ ദുരിദാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് താത് പര്യമുള്ള ജീവനക്കാർ ആയതിനുള്ള സമ്മതപത്രം DDO മുൻപാകെ സമർപ്പിക്കേണ്ടതും , ടി തുക ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ക്രമീകരിക്കുന്നതിന് DDO നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽ സാഹചര്യത്തിൽ കോവിഡ്-19 വ്യാപനം മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതനത്തിൽ നിന്നും കിഴിവ് വരുത്തിയ തുക അനുവദിക്കുന്നതിനായി ചുവടെ ചേർത്ത പ്രകാരം 5,56,065/- **രൂപ (അഞ്ച് ലക്ഷത്തി അമ്പത്തിയാറായിരത്തി അറുപത്തി അഞ്ചു രൂപ മാത്രം)** ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജില്ല | ഏപ്രിൽ 2020 (4200 X 2) | മേയ് 2020 (4065 X 2) | ജൂൺ 2020 (4200 X 2) | ജൂലൈ 2020 (4065 X 2) | ആഗസ്റ്റ് 2020 (4065 X 2) | ആകെ |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 2 | കൊല്ലം | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 3 | പത്തനംതിട്ട | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 4 | കോട്ടയം | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 5 | ഇടുക്കി | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 6 | ആലപ്പുഴ | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 7 | എറണാകുളം | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 8 | തൃശ്ശൂർ | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 9 | പാലക്കാട് | 8400 | 8130 | 8400 | 8130 | 8130 | 41,190 |
| 10 | മലപ്പുറം | 8400 | 8130 | 8400 | 8130 | 8130 | 41,190 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | കോഴിക്കോട് | 8400 | 8130 | 8400 | 8130 | 8130 | **41,190** |
| 12 | വയനാട് | 4200 (4200 X 1) | 4065 (4065 X 1) | 4200 (4200 X 1) | 4065 (4065 X 1) | 4065 (4065 X 1) | **20,595** |
| 13 | കണ്ണൂർ | 8400 | 8130 | 8400 | 8130 | 8130 | **41,190** |
| 14 | കാസർഗോഡ് | 8400 | 8130 | 8400 | 8130 | 8130 | **41,190** |
| **ആകെ** | | 1,13,400 | 1,09,755 | 1,13,400 | 1,09,755 | 1,09,755 | **5,56,065/-** |

**(അഞ്ച് ലക്ഷത്തി അമ്പത്തിയാറായിരത്തി അറുപത്തി അഞ്ചു രൂപ മാത്രം)**

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അർഹമായ തുക മാറി ബന്ധപ്പെട്ട ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതും , അനുവദിക്കുന്ന തുകയുടെ 1% TDS ആയി ബന്ധപ്പെട്ടവരുടെ പാൻ നമ്പറിൽ ഒടുക്കേണ്ടതുമാണ്. അനുവദിക്കേണ്ട തുക കണക്കാക്കുമ്പോൾ ബന്ധപ്പെട്ട ജീവനക്കാരുടെ ടി കാലയളവിലെ അറ്റൻഡൻസ് , 2020 ഏപ്രിൽ മുതൽ 2020 ഓഗസ്റ്റ് വരെ മാസങ്ങളിൽ വേതന ഇനത്തിൽ കിഴിച്ച തുക എന്നിവ പരിശോധിച്ച് അർഹമായ തുക മാത്രം അനുവദിക്കേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-104-82 (P) സായംപ്രഭാ എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

M. ANJANA I.A.S
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

<u>പകർപ്പ്:</u>

1. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റിനായി)
2. ഫിനാൻസ് ഓഫീസർ.
3. സൂപ്രണ്ട് , പ്ലാനിംഗ് സെൽ
4. സൂപ്രണ്ട് , പ്ലാനിംഗ് സെൽ.
5. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക് .
6. സ്റ്റോക്ക് ഫയൽ /സ്പെയർ.

അംഗീകാരത്തോടെ

സൂപ്രണ്ട്